## കലൻറിംഗ് പ്ലാൻറ്.

* 378. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര–വിളവംകോട് കമ്മ്യൂണിറ്റി പ്രോജക് റ്റിൻെറ ആഭിമുഖ്യത്തിൽ പാറ്റ്പനംകോട്ട് ഒരു കലൻറിംഗ് പ്ലാൻറ് സ്ഥാപിക്കുവാൻ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അനുവാദം നൽകിയത്;

(സി) ഇപ്പോൾ ആ പ്ലാൻറ സ്ഥാപനക്കാര്യം ഏതു നിലയിലിരിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നെയ്യാറ്റിൻകര-വിളവങ്കോട് കമ്മ്യൂണിറ്റി പ്രോജക് റ്റിൻെറ ആഭിമുഖ്യത്തിൽ, പാറ്റ്പനംകോട്ട് ഒരു കലൻറിംഗ് പ്ലാൻറ് സ്ഥാപിക്കാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) അങ്ങനെ തീരുമാനിച്ചത് ഫെബ്രുവരി 24–ാം തീയതി ആണ്.

(സി) 1955 ഏപ്രിൽ 8–ാം തീയതി ആവശ്യമുള്ള മെഷ്യനകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ പ്ലാൻറ് സ്ഥാപിക്കുന്നതിനവേണ്ട എല്ലാ ഒരുക്കങ്ങളും ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. മെഷ്യനകൾ സമീപകാലത്തു് വന്നുചേരുന്നതും, ഉടൻതന്നെ ജോലി തുടങ്ങുന്നതുമാണ്.

## കൈത്തറി സഹകരണസംഘം.

* 379. [6] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് ഫണ്ട പദ്ധതിയനുസരിച്ച് 1955-56-ൽ എത്ര കൈത്തറി നെയ്ത്ത സഹകരണസംഘം രജിസ്റ്റർ ചെയ്യുകയുണ്ടായി ;

(ബി) ഈ വർഷം കൈത്തറി സഹകരണസംഘങ്ങൾക്കായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെസ്സുഫണ്ട പദ്ധതിയനുസരിച്ച് 1955–56–ൽ 49 കൈത്തറി നെയ്ത്ത സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ, 22–8–1955 വരെ 2,62,086 രൂപ 15 അണ 9 പൈ. വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ : ഈ പദ്ധതിയനുസരിച്ച് സഹകരണസംഘങ്ങളുടെ എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ഗവണ്മെൻറ കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly